അഡ്വൈസ് മെമ്മോ നൽകരുതെന്ന അഭ്യർത്ഥന

18 (762) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒഴിവുകളുണ്ടെങ്കിലും ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ്മെമ്മോ നൽകരുതെന്ന് വകുപ്പുതലവൻമാർ കത്തുകളും അഭ്യർത്ഥനയും പി.എസ്.സി. ക്ക് നൽകുവാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം വകുപ്പു തലവൻമാർ പി.എസ്.സി. ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

19 (763) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സമയബന്ധിതമായി പരീക്ഷകൾ നടത്തുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പി.എസ്.സി. യിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ; ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) പി.എസ്.സി. അപേക്ഷാഫോറം പോസ്റ്റാഫീസുകൾവഴി വിതരണം ചെയ്യുന്നതിനുപകരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വഴി വിൽക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 12-6-2003-ലെ കണക്കനുസരിച്ച് 46,93,469 അപേക്ഷകളിൽ ഇനി തീർപ്പുകൽപ്പിക്കാനുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിമൂലം ചില പരീക്ഷകൾ നടത്തുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. അപേക്ഷ ലഭിച്ച് ഒരു വർഷത്തിനുള്ളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കത്തക്ക രീതിയിൽ പി.എസ്.സി.-യുടെ കമ്പ്യൂട്ടറൈസേഷൻ നടപടികൾ നടന്നുവരുന്നു.

(ഇ) പോസ്റ്റ് ഓഫീസുകൾ വഴിയുള്ള പി.എസ്.സി. യുടെ അപേക്ഷാഫാറം വില്പന ഫലപ്രദമായി നടന്നുവരുന്നു. അതിനാൽ മറ്റുരീതിയിലുള്ള വിതരണത്തെപ്പറ്റി ആലോചിച്ചിട്ടില്ല.

റാങ്ക് ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി

20 (764) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പി.എസ്.സി. യിൽ തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

21 (765) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഏതെല്ലാം ആണെന്ന് പറയാമോ ;

(ബി) ഇതിലോരോന്നിന്റെയും കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും നടത്തിയ നിയമനങ്ങളെ സംബന്ധിച്ച വിവരം സംവരണക്രമത്തിൽ വെവ്വേറെ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly